**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 3111 — 03.04.2013 ലെ മറുപടിയ്ക്ക്

**എം.എസ്.ഡി.പി യിൽ പാലക്കാട് ജില്ലയെക്കൂടി ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം<br>ശ്രീ. എം.ഹംസ | | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ന്യൂനപക്ഷക്ഷേമത്തിനായുള്ള കേന്ദ്ര പദ്ധതികൾ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് എം.എസ്.ഡി.പി പദ്ധതിയിൽ കൂടുതൽ ബ്ലോക്കുകളെയും പ്രദേശങ്ങളെയും ഉൾപ്പെടുത്തണമെന്ന് സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അപേക്ഷിക്കുന്ന മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക, സ്കോളർഷിപ്പിന്റെ വരുമാന പരിധി നോൺ ക്രീമിലെയർ പരിധിക്ക് തുല്യമായി ഉയർത്തുക, മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് ലഭിക്കുന്ന സ്ഥാപനങ്ങളുടെ കൂട്ടത്തിൽ ദേശീയതലത്തിൽ പ്രവർത്തിക്കുന്ന Law സ്കൂളുകളെക്കൂടി ഉൾപ്പെടുത്തുക, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നൽകുന്നതിനായുള്ള നാഷണൽ കമ്മീഷൻ ഫോർ മൈനോരിറ്റി എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ (എൻ.സി.എം.ഇ.ഐ.)-ന്റെ സിറ്റിംഗ് 3 മാസത്തിലൊരിക്കൽ കേരളത്തിൽ നടത്തുക, എം.എസ്.ഡി.പി. പദ്ധതിയിൽ നിന്നും കൂടുതൽ വിഹിതം ലഭ്യമാക്കാനുതകുന്ന വിധത്തിൽ നിലവിലെ കാറ്റഗറിയിൽ നിന്നും കേരളത്തെ ഉയർത്തുക, പന്ത്രണ്ടാം പദ്ധതിയിൽ കേരളത്തിൽ നിന്നും 50 ബ്ലോക്കുകളെ എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തുക, ഇന്ത്യൻ ആർമിക്ക് കീഴിലുള്ള ഹിന്ദുസ്ഥാൻ മുസ്ലീം റെജിമെന്റിന്റെ റിക്രൂട്ട്മെന്റ് കേരളത്തിൽ വച്ച് നടത്തുക എന്നീ വിഷയങ്ങൾ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. |
| (ബി) | മൾട്ടിസെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കി വരുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) | പതിനൊന്നാം പദ്ധതിക്കാലത്ത് എം.എസ്.ഡി.പി കേരളത്തിൽ വയനാട് ജില്ലയിലാണ് നടപ്പിലാക്കി വരുന്നത്. |
| (സി) | എം.എസ്.ഡി.പിയിൽ പാലക്കാട് ജില്ലയെക്കൂടി ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പന്ത്രണ്ടാം പദ്ധതിക്കാലത്ത് എം.എസ്.ഡി.പി ബ്ലോക്ക്/ടൗൺ/ഗ്രാമ തലത്തിൽ നടപ്പാക്കാനാണ് കേന്ദ്ര ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. പാലക്കാട് ജില്ലയിൽ നിന്നും പട്ടാമ്പി, മണ്ണാർക്കാട് ബ്ലോക്കുകൾ ഉൾപ്പെടെ കേരളത്തിൽ നിന്നും 50 ബ്ലോക്കുകളുടെ ലിസ്റ്റ് കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ